# മഹാത്മാഗാന്ധി സർവ്വകലാശാല

## പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം – 686 560

(കേരള നിയമസഭയുടെ 17.04.1985 ലെ നം:3431/ലെ.ജി.സി. 1/85/നിയമവിഭാഗം വിജ്ഞാപനമനുസരിച്ച് സ്ഥാപിക്കപ്പെട്ടത്)

**"ഭരണഭാഷ-മാതൃഭാഷ"**

നം.എസി.എ1/1/5400/2018 (ഭാഗം 1) തീയതി : 20.03.2018

## പരിപത്രം

വിഷയം : മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ 2018-19 അദ്ധ്യയന വർഷത്തെ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം - കോളേജുകളിലെ കോഴ്സ് സസ്പെൻഷൻ/സീസിംഗ് - സംബന്ധിച്ച്:

സൂചന : സർവ്വകലാശാലാ ഉത്തരവ് നം.2603/എസി.ബി 6/1/2018/അക്കാദമിക് തീയതി 15.03.2018.

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള 2018-19 അക്കാദമിക വർഷത്തെ, കേന്ദ്രീകൃത പ്രവേശനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല, സൂചന ഉത്തരവ് പ്രകാരം, എടുത്ത തീരുമാനങ്ങൾ ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

'കേന്ദ്രീകൃത പ്രവേശനത്തിൽ ഉൾപ്പെട്ടിട്ടുള്ള പല പ്രോഗ്രാമുകളും പ്രവേശനം തുടങ്ങിക്കഴിഞ്ഞ് റദ്ദു ചെയ്യുന്നതിനുള്ള അപേക്ഷകൾ ലഭിക്കാറുള്ള സാഹചര്യത്തിലും വിദ്യാർത്ഥികൾ കുറവായ പ്രോഗ്രാമുകളിൽ സർവ്വകലാശാല അലോട്ട്മെന്റ് നൽകിയ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാതിരിക്കുന്ന സാഹചര്യത്തിലും അത്തരം കോളേജുകളിൽ നിന്നും പ്രവേശനം നടത്താതിരിക്കുന്ന പ്രോഗ്രാമിന്റെ അനുവദനീയ സീറ്റൊന്നിന് 10,000/- രൂപ (പതിനായിരം രൂപ) പ്രകാരം പിഴ ഈടാക്കുന്നതാണ്. കൂടാതെ, 2018-19 വർഷത്തെ കോഴ്സ് സസ്പെൻഷൻ/സീസിംഗ് എന്നിവയ്ക്കുള്ള അപേക്ഷകൾ 2018 മാർച്ച് 31-നകം സമർപ്പിക്കേണ്ടതാണ്.'

ആയതിനാൽ, മേൽ തീരുമാനങ്ങൾ സർവ്വകലാശാലയിലെ എല്ലാ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളുടെയും ശ്രദ്ധയിൽപെടുത്തുന്നു.

ഒപ്പ്
**ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാദമിക് I)**
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ്:

1. സർവ്വകലാശാലയിലെ എല്ലാ അഫിലിയേറ്റഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾക്കും
2. വി.സി.യുടെയും/പി.വി.സി.യുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. ജെ.ആർ/ഡി.ആർ/എ.ആർ
5. എസി.ബി 6 സെക്ഷൻ
6. കണ്ടെന്റ് മാനേജ്മെന്റ്/ഐ.ക്യു.എ.സി/എസി.സി സെക്ഷനുകൾ
7. കരുതൽ ഫയൽ/ഫയൽ കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ